(സി) ഏതെങ്കിലും സ്കൂളിൽ പുതിയ ശമ്പളവും അലവൻസും കൊടുത്തിട്ടുണ്ടോ ;

(ഡി) പ്രൈവറ്റ് സെക്കൻഡറിസ്കൂൾ അദ്ധ്യാപകന്മാരെ പ്രാവിഡൻറ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) സക്കാർ സർവ്വീസിലുള്ള രണ്ടാംഗ്രേഡ് ഗ്രാഡുവേറ്റ് അദ്ധ്യാപകരുടേയും, അണ്ടർ ഗ്രാഡുവേറ്റ് അദ്ധ്യാപകരുടേയും ശമ്പള സ്കെയിലുകളും പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്കും 1955 ഏപ്രിൽ 1-ാം തീയതിമുതൽ കൊടുക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഡീയർനസ് അലവൻസ് സംബന്ധിച്ച് ഒന്നുംതന്നെ പ്രഖ്യാപിച്ചിട്ടില്ല.

(ബി) ഇത് ലേയ്ക്ക് വേണ്ട സത്വരനടപടികളും എടുത്തുവരുന്നുണ്ട്.

(സി) ഇല്ല.

(ഡി) ഉണ്ട്.

ഡവലപ്പുമെൻറ് പദ്ധതിയിൽ അനുവദിച്ചിരിക്കുന്ന സംഖ്യ.

* 907 [46] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡവലപ്പുമെൻറ് പദ്ധതിയിൽ അനുവദിച്ചിരിക്കുന്ന സംഖ്യ ലാപ്സാകാതെ മുഴുവനും ചെലവുചെയ്യുന്നതിന് ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയിൽ കൊള്ളിച്ചിരിക്കുന്ന സംഖ്യ ചെലവാക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റുകളും മറ്റും തയ്യാറാക്കുന്നതിന് ആവശ്യത്തിന് സ്റ്റാഫ് ഉണ്ടോ ;

(സി) ഇതു പരിഹരിക്കുന്നതിന് ആവശ്യമായ കൂടുതൽ സ്റ്റാഫിനെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഈ ആണ്ടിൽ ചെയ്യുതീർക്കേണ്ട ജോലികൾ ഈ ആണ്ടിൽത്തന്നെ ചെയ്തുതീർക്കേണ്ടതാണെന്നും ഗവൺമെൻറ് കരുതുന്നുവെന്നും, ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷന്മാർ അതിൽ ശ്രമശീലരായിരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അപ്പോഴപ്പോൾ വേണ്ടിവരുന്ന സ്റ്റാഫിനെ നിയമിച്ചുവരുന്നുണ്ട്.

പിന്നാക്കസമുദായ വിദ്യാർത്ഥികളുടെ ഫീസ് സൗജന്യം.

* 908. [48] ശ്രീ. പി. എം. മക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിയിൽപ്പെടാത്തവരായുള്ള പിന്നാക്കസമുദായ വിദ്യാർത്ഥികളുടെ ഫീസ് സൗജന്യത്തിനും മറ്റുമായി 1953-54-ൽ അനുവദിച്ചിരുന്ന തുക എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടി തുകയിൽ തന്നാണ്ടു് ചെലവായ തുക എന്തു്; ലാപ്സായ തുക എന്തു്;

(സി) ഏതെല്ലാംപ്രകാരമുള്ള സൗജന്യമാണു് ടി വിഭാഗത്തിനു് നൽകിയിരുന്നതു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പട്ടികജാതി വിദ്യാർത്ഥികളുടെയും മറ്റു പിന്നാക്കസമുദായ വിദ്യാർത്ഥികളുടെയും ഫീസ്സൗജന്യത്തിനും മറ്റുമായി ഒന്നിച്ചാണു് ബഡ്ജറ്റിൽ സംഖ്യ കൊള്ളിക്കുന്നതു്. ടിയിനത്തിൽ 1953-54-ൽ 9,63,920 രൂപയും അവശക്രിസ്ത്യാനി വിദ്യാർത്ഥികൾക്കു് 80,000 രൂപയും അനുവദിച്ചിരുന്നു.

(ബി) തന്നാണ്ടിൽ മറ്റുപിന്നാക്കസമുദായ വിദ്യാർത്ഥികൾക്കായി ഉദ്ദേശം 1,28,000 രൂപയും അവശക്രിസ്ത്യാനി വിദ്യാർത്ഥികൾക്കായി 53,311 രൂപയും ചെലവായിട്ടുണ്ടു്. ലാപ്സായിട്ടില്ല.

(സി) നിർദ്ധനസർട്ടിഫിക്കറ്റു് ഹാജരാക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും മുഴുവൻ ഫീസ് സൗജന്യം നൽകിവരുന്നു.

പ്രൈമറിസ്കൂൾ ജീവനക്കാരുടെ ശമ്പളം.

* 909. [49] ശ്രീ. പി. ടി. ചാത്തൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) പ്രൈമറിസെക്കൻഡറി സ്കൂളുകളിൽ ക്ലാർക്കു്, ശിപായി, മാസ്റ്റർ എന്നിവർക്കു് ശമ്പളം ശരിയായി കിട്ടുന്നുണ്ടോ;

(ബി) ഈ സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളക്കാര്യത്തിൽ ചെയ്തിട്ടുള്ള വ്യവസ്ഥകളെങ്കിലും ഈ വിഭാഗത്തിനു് ചെയ്തുകൊടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അറിവില്ല. ആഫീസ് സ്റ്റാഫിന്റെ ശമ്പളം മാനേജർമാർ പക്കൽ വകനിറുത്തിയിട്ടുള്ള ഫീസ് പിരിവിന്റെ 20 %-ൽ നിന്നും കൊടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

(ബി) പ്രൈവറ്റു സെക്കൻഡറി സ്കൂളുകളുടെ ഉടമസ്ഥാവകാശവും, ഭരണവും അതാതു മാനേജ്മെൻറുകളിലാണു് സ്ഥിതിചെയ്യുന്നതു്. സ്കൂൾഭരണത്തിനുവേണ്ട ആഫീസ് സ്റ്റാഫിന്റെ കാര്യത്തിൽ ഗവണ്മെൻറു് ഇടപെടുവാൻ ഉദ്ദേശിക്കുന്നില്ല.

ട്രേഡ്യൂണിയൻ രജിസ്ട്രേഷൻ.

* 910. [52] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തിൽ പുതുതായി രജിസ്റ്റർ ചെയ്തിട്ടുള്ള ട്രേഡ് യൂണിയനുകൾ ഏതു്;

(ബി) ഈ വർഷത്തിൽ നിലവിലിരുന്ന ഏതു യൂണിയനുകളുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യപ്പെട്ടിട്ടുണ്ടു്;

(സി) രജിസ്ട്രേഷൻ ക്യാൻസൽചെയ്യാനുള്ള കാരണമെന്തു്?

LIBRARY ARCHIVES Kerala Legislative Assembly